കേന്ദ്ര നിക്ഷേപമായി ലഭിച്ച തുക

116(2154) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് വ്യവസായ വകുപ്പിന് കേന്ദ്ര നിക്ഷേപമായി ലഭിച്ചത്; ഏതെല്ലാം മേഖലയിലാണ് ഇത് ചെലവിട്ടതെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച കേന്ദ്ര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുമേഖലാ സംയുക്ത സംരംഭമായ സെയിൽ-എസ്.സി.എൽ., കേരള ലിമിറ്റഡിന് 16.23 കോടി രൂപയുടെ നിക്ഷേപം സെയിലിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള മൂലധനമായും പ്രവർത്തന മൂലധനമായുമാണ് ഇത് ഉപയോഗിച്ചിട്ടുള്ളത്.
- ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിനും അനുബന്ധ പെട്രോ കെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്.
- ഗെയിലിന്റെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി 3000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മാർഗ്ഗ രേഖയ്ക്കനുസൃതമായി ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 129.15 കോടി രൂപ ചെലവിൽ സമുദ്രോൽപ്പന്ന മേഖലയ്ക്ക് പ്രാധാന്യം നൽകി മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്രം അനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് കയറുമതിയധിഷ്ഠിത നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയ പദ്ധതിയായ ASIDE Scheme സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടുള്ള പദ്ധതികൾക്ക് 77.02 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- പാലക്കാട്, ഷൊർണ്ണൂർ, കൊച്ചുവേളി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള വ്യവസായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാനായി കേന്ദ്ര സഹായമായി 9 കോടി രൂപയും സൂക്ഷ്മ -ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതിക്കായി 41.19 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 4.1728 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

റിവൈവൽ റിഫോംസ് റീസ്ട്രക്ചറിംഗ് പാക്കേജ്

117(2155) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിവൈവൽ റിഫോംസ് റീസ്ട്രക്ചറിംഗ് പാക്കേജ് (Revival Reforms Restructuring package) നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ ആധുനികമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly